പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ **4691** **19-05-2017** ൽ മറുപടിക്ക്

## പട്ടികജാതി ക്ഷേമത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളും പാലക്കാട് മെഡിക്കൽ കോളേജിലെ സംവരണ സീറ്റുകളും

| | ചോദ്യം<br>ശ്രീ.എസ്.ശർമ്മ<br>,, ആർ. രാജേഷ്<br>,, കെ.വി.വിജയദാസ്<br>,, സി.കൃഷ്ണൻ | | മറുപടി<br>ശ്രീ. എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററി കാര്യവും വകുപ്പ് മന്ത്രി. |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനും വികസനത്തിനുമായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനും വികസനത്തിനുമായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>(1) പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രാവിഷ്കൃതപദ്ധതി)<br><br>(2) പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ (100% കേന്ദ്രാവിഷ്കൃതപദ്ധതി)<br><br>(3) പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ബാബു ജഗജീവൻ റാം ഛത്രവാസ് യോജന (100% കേന്ദ്രാവിഷ്കൃതപദ്ധതി)<br><br>(4) ശുചിത്വഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ (100% കേന്ദ്രാവിഷ്കൃതപദ്ധതി)<br><br>(5) 9 ഉം 10 ഉം ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രവിഹിതം)<br><br>(6) പ്രധാനമന്ത്രി ആവാസ് യോജ്ന പ്രത്യേക ഘടക പദ്ധതി (60% കേന്ദ്ര വിഹിതം) |

| | | | |
|---|---|---|---|
| | | | (7)എൻ. ആർ എൽ എം (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പ്രത്യേക ഘടക പദ്ധതി (60% കേന്ദ്ര വിഹിതം)<br><br>(8) പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50% കേന്ദ്രവിഹിതം)<br><br>(9) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്- എസ്. സി.പി (49% കേന്ദ്രവിഹിതം)<br><br>(10) 6 കോർപ്പറേഷനുകളിലും ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി (പുതിയ പദ്ധതി) |
| (ബി) | പ്രസ്തുത വിഭാഗക്കാരുടെ ഉന്നമനത്തിനായി പട്ടികജാതി ഉപപദ്ധതിയിൽ (എസ്.സി. എസ്.പി.) ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | അനുബന്ധമായി ചേർക്കുന്നു |
| (സി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള നിർദ്ധനരുടെ ചികിത്സയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | 1,00,000/- രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നു. മാരകമായ രോഗം ബാധിച്ചിട്ടുള്ളവർക്ക് ആശുപത്രി മുഖേന ഒരു ലക്ഷം രൂപവരെയും രോഗിക്ക് നേരിട്ട് 50,000/- രൂപ വരെയും ചികിത്സാ ധനസസഹായം അനുവദിച്ചു വരുന്നു. |
| (ഡി) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ ആരംഭിച്ച മെഡിക്കൽ കോളേജിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്. കോഴ്സിന് എത്ര സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്; പട്ടികവർഗ്ഗ വിഭാഗത്തിൽപ്പട്ടവർക്കായി ഈ മെഡിക്കൽ കോളേജിൽ എത്ര ശതമാനം സംവരണം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ ആരംഭിച്ച മെഡിക്കൽ കോളേജിൽ ആകെ 100 എം.ബി.ബി.എസ് സീറ്റുകളാണുള്ളത്. ആയതിൽ 70% സീറ്റ് എസ്.സി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കും 2% സീറ്റ് എസ്.റ്റി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കുമായി സംവരണം ചെയ്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**പട്ടികജാതിക്കാർക്കാരുടെ ഉന്നമനത്തിനായി ആസൂത്രണം ചെയ്തിട്ടുള്ളതും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതുമായ പ്രധാന വികസന പദ്ധതികൾ:**

1. ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ഭൂമി
2. ഭവനരഹിതർക്ക് ഭവനം
3. പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ
4. പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്

5) മരാമത്തും, കെട്ടിടവും

6) പട്ടികജാതി വികസന വകുപ്പിന്റെനവീകരണവും, ഇ-ഗവേണൻസ് സംരംഭങ്ങളും

7) പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (വികസന പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി

8) പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം

9) പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം

10) വെള്ളായണിയിലുള്ള അയ്യൻകാളി മെമ്മോറിയൽ മാതൃകാ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃക റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്

11) പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം

12) വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്കുള്ള ധനസഹായം

13) സ്വയം തൊഴിൽ ധനസഹായ പദ്ധതി

14) സ്വയം സഹായ സംഘങ്ങൾക്കുള്ള ധനസഹായം

15) വിവിധതരത്തിലുള്ള വരുമാനദായകമായ പദ്ധതികൾ

16) പട്ടികജാതി സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

17) തൊഴിലിനും പരിശീലനത്തിനും മാനവ വിഭവ ശേഷി വികസനത്തിനുമുള്ള സഹായം

18) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് - എസ്.സി.പി (51% സംസ്ഥാന വിഹിതം)

19) ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം)

20) പൗരവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50% സംസ്ഥാന വിഹിതം)

21) തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ, പ്രീമെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിനുള്ള പദ്ധതി. എസ്.സി.പി

a) പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്ക് കളിക്കോപ്പുകളും, പഠന സാമഗ്രഹികളും വാങ്ങുന്നതിനും, അധ്യാപകർക്ക് honorarium നൽകുന്നതിനുമുള്ള പദ്ധതി.

b) ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റ് നൽകുന്ന തിനുള്ള പദ്ധതി

c) പ്രീമെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിനുള്ള പദ്ധതി

22) പ്രത്യേക ഘടകപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം

താഴെ പറയുന്ന 100%, 50% കേന്ദ്ര ധനസഹായത്തോടെയുള്ള പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു.

23) പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

24) പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ

25) പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ജഗജീവൻ റാം ഛത്രവാസ് യോജന (100% കേന്ദ്രാവിഷ്കൃത പദ്ധതി)

26) വ്യത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ

27) 9 ഉം 10 ഉം ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രവിഹിതം)

28) പ്രധാനമന്ത്രി ആവാസ് യോജ്ന പ്രത്യേക ഘടക പദ്ധതി (60% കേന്ദ്രവിഹിതം)

29) എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പ്രത്യേക ഘടകപദ്ധതി (60% കേന്ദ്രവിഹിതം)

30) പഠനമുറി

31) വാത്സല്യനിധി

32) വർക്കിംഗ് വുമൺസ് ഹോസ്റ്റൽ

33) കിഫ്ബി മുഖേന വിവിധ ഹോസ്റ്റലുകൾ, ഐ.റ്റി.ഐ കൾ, പി.ഇ.റ്റി.സി, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയ്ക്കുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി.

34) 6 കോർപ്പറേഷനുകളിലും ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി.

സെക്ഷൻ ഓഫീസർ